ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

**പ്രാദേശിക വാർത്തകൾ**

**TIME: 06.30 PM** **DATE: 04.11.2024**

## പ്രധാനവാർത്തകൾ

**1. ഇന്ത്യയുടെ വ്യോമയാനരംഗത്തെ വിവിധ മേഖലകളിൽ വനിതകൾ വഹിക്കുന്ന പങ്ക് വളരെ വലുതെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു**

**2. കല്പാത്തി രഥോത്സവം കണക്കിലെടുത്ത് പാലക്കാട് നിയമസഭ ഉപതെരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് ഈ മാസം 20- ാം തീയതിയിലേക്ക് മാറ്റി.**

**3. സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് എറണാകുളത്ത് തുടക്കമായി. സ്കൂൾ കായിക മേള ഒളിമ്പിക്സിലേക്കുള്ള ആദ്യപടിയാണെന്ന് മേളയുടെ ബ്രാൻഡ് അംബാസിഡറും ഒളിമ്പിക് മെഡൽ ജേതാവുമായ പി ആർ ശ്രീജേഷ്**

**4. സംസ്ഥാനത്ത് ഒറ്റപ്പെട്ട ഇടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരത്ത് ഇന്ന് ഓറഞ്ച് ജാഗ്രത. 8 ജില്ലകളിൽ മഞ്ഞ ജാഗ്രത.**

**5. ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ജംഷഡ്പൂർ എഫ്.സി- ചെന്നൈയിൻ എഫ്.സി പോരാട്ടം.**

&&&&&&&&&&&&&&&&&&

**രാഷ്ട്രപതി**

ഇന്ത്യയുടെ വ്യോമയാനരംഗത്തെ വിവിധ മേഖലകളിൽ വനിതകൾ വഹിക്കുന്ന പങ്ക് വളരെ വലുതാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ഈ രംഗത്തെ സ്ത്രീകളുടെ മുന്നേറ്റത്തിന് കേന്ദ്രസർക്കാരിന്റെ ശ്രമങ്ങൾ ഊർജം പകരുന്നതായും രാഷ്ട്രപതി പറഞ്ഞു. വ്യോമയാനരംഗത്ത് പ്രവർത്തിക്കുന്ന വനിതകളുമായി രാഷ്ട്രപതി ഭവനിൽ സംവദിക്കുകയായിരുന്നു രാഷ്ട്രപതി മുർമു. രാജ്യത്ത് കഴിഞ്ഞ വർഷം വാണിജ്യ ലൈസൻസ് ലഭിച്ച പൈലറ്റുമാരിൽ 18 ശതമാനവും സ്ത്രീകളാണെന്നും രാഷ്ട്രപതി എടുത്തുപറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

**പാലക്കാട്- വോട്ടെടുപ്പ് തീയതി**

RAJU TVPM

പാലക്കാട് ഉപതെരഞ്ഞെടുപ്പിൻറെ വോട്ടെടുപ്പ് തീയതിയിൽ മാറ്റം. കല്പാത്തി രഥോത്സവം കണക്കിലെടുത്താണ് ഈ മാസം 13 ന് നിശ്ചയിച്ചിരുന്ന വോട്ടെടുപ്പ് തിരഞ്ഞെടുപ്പ് കമ്മിഷൻ 20- ാം തീയതിയിലേക്ക് മാറ്റിയത്. തീയതി മാറ്റണമെന്ന് മുന്നണികൾ നേരത്തെ ആവശ്യപ്പെട്ടിരുന്നു. വോട്ടെടുപ്പ് തീയതി മാറ്റിയതിന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനും എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും നന്ദി രേഖപ്പെടുത്തുന്നതായി കൽപാത്തി സംയുക്ത രഥോത്സവ കമ്മറ്റി അറിയിച്ചു. അതേസമയം സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലത്തിലും, ചേലക്കര നിയമസഭാ

മണ്ഡലങ്ങളിലും പ്രചാരണം ഊർജ്ജിതമാണ്. 13 നാണ് രണ്ടിടത്തും വോട്ടെടുപ്പ്. ഈ മാസം 11 ന് വൈകുന്നേരം പരസ്യ പ്രചാരണം അവസാനിക്കും. വോട്ടെണ്ണൽ 23 ന്.

&&&&&&&&&&&&&&&&&&&

**വയനാട് - ഉപതിരഞ്ഞെടുപ്പ്**

വയനാട്ടിൽ UDF സ്ഥാനാർഥി പ്രിയങ്ക ഗാന്ധിയുടെ രണ്ടാം ഘട്ട പ്രചാരണം തുടരുന്നു. ഇന്ന് സുൽത്താൻബത്തേരി , കൽപറ്റ മണ്ഡലങ്ങളിൽ പര്യടനം നടത്തിയ പ്രിയങ്കാ ഗാന്ധി വിവിധ ഇടങ്ങൾ യോഗങ്ങളിലും സംസാരിച്ചു. എൽഡിഎഫ് സ്ഥാനാർഥി സത്യൻ മൊകേരി ഇന്ന് മലപ്പുറം ജില്ലയിലെ ഏറനാട്ടാണ് പര്യടനം നടത്തിയത്. സത്യൻ മൊകേരിയുടെ പ്രചാരണത്തിനായി മുഖ്യമന്ത്രി പിണറായി വിജയൻ മറ്റന്നാൾ കൽപ്പറ്റയിലെത്തും. ഇന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി സത്യൻ മൊകേരിക്കായി പ്രചാരണം നടത്തി. എൻ ഡി എ സ്ഥാനാർഥി നവ്യാ ഹരിദാസ് ഇന്ന് മാനന്തവാടി നിയോജക മണ്ഡലത്തിൽ പര്യടനം നടത്തി. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ വയനാട് പനമരത്ത് നവ്യ ഹരിദാസിനായി പ്രചാരണം നടത്തി.

&&&&&&&&&&&&&&&&&&&

**ഉപതിരഞ്ഞെടുപ്പ് -വീട്ടിൽ വോട്ട്**

RNU TVPM

ഉപതെരഞ്ഞെടുപ്പുകളിൽ ഭിന്നശേഷിക്കാർക്കും 85 വയസ്സിനു മുകളിൽ പ്രായമുള്ളവർക്കും വീട്ടിൽ നിന്ന് വോട്ട് ചെയ്യാൻ അവസരം നൽകുന്ന ഹോം വോട്ടിങ് സംവിധാനത്തിന് തുടക്കമായി. മുൻകൂട്ടി അപേക്ഷിച്ച 868 പേർക്ക് പാലക്കാട് നിയമസഭ ഉപതിരഞ്ഞെടുപ്പിൽ ഹോം വോട്ടിങിന് സൗകര്യമൊരുക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## സ്കൂൾ കായികമേള (ഇൻട്രോ)

ഒളിമ്പിക്സ് മാതൃകയിൽ കേരളത്തിൽ ആദ്യമായി സംഘടിപ്പിക്കുന്ന സംസ്ഥാന സ്കൂൾ കായികമേളയുടെ ഉദ്ഘാടനം മന്ത്രി വി ശിവൻകുട്ടി എറണാകുളത്ത് നിർവഹിച്ചു. മന്ത്രിയും ഒളിമ്പ്യൻ പി ആർ ശ്രീജേഷും ചേർന്ന് ദീപശിഖ തെളിയിച്ചു. സാംസ്കാരിക പരിപാടിയുടെ ഉദ്ഘാടനം ചലച്ചിത്ര താരം മമ്മൂട്ടിയാണ് നിർവഹിച്ചത്.

RNU TVPM

ഒളിമ്പിക്സ് എന്ന സ്വപ്നത്തിലേക്കുള്ള ആദ്യപടിയാണ് സ്കൂൾ കായിക മേളയെന്ന് മേളയുടെ ബ്രാൻഡ് അംബാസിഡറും രണ്ടു തവണ ഒളിമ്പിക് മെഡൽ ജേതാവുമായ പി ആർ ശ്രീജേഷ് പറഞ്ഞു.

(ഹോൾഡ് വോയ്സ്.....)

ഈ മാസം 11 വരെ നടക്കുന്ന കായികമേളയിൽ 24,000 ത്തോളം കായിക പ്രതിഭകൾ 39 കായിക ഇനങ്ങളിൽ മത്സരിക്കും. 1,562 സവിശേഷ പരിഗണന അർഹിക്കുന്ന

കുട്ടികളും, ഗൾഫ് സ്കൂളുകളിൽ നിന്ന് 50 കുട്ടികളും പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&&

**മനോഹർ ലാൽ ഘട്ടർ**

ഉത്സവങ്ങൾ ആഘോഷിക്കുന്നതിൽ മറ്റ് സംസ്ഥാനങ്ങൾ കേരളത്തെ മാതൃകയാക്കണമെന്ന് കേന്ദ്ര മന്ത്രി മനോഹർ ലാൽ ഘട്ടർ. ഓണാഘോഷത്തെ മറ്റ് സംസ്ഥാനങ്ങൾ മാതൃകയാക്കണം. ഹരിതചട്ടങ്ങൾ പാലിച്ച് എന്നാൽ പാരമ്പര്യം ചോർന്നുപോകാതെയാണ് കേരളം ഓണം ആഘോഷിച്ചത്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ശുചിത്വ മിഷൻ നടത്തിയ പ്രവർത്തനങ്ങളെ കേന്ദ്രമന്ത്രി അഭിനന്ദിച്ചു. സ്വച്ഛ് ദിവാലി, ശുഭ് ദിവാലി ക്യാമ്പയിൻറെ ഭാഗമായി സംഘടിപ്പിച്ച യോഗത്തിലായിരുന്നു കേന്ദ്രമന്ത്രി കേരളത്തെ പ്രകീർത്തിച്ചത്.

RNU TVPM

&&&&&&&&&&&&&&&&&&&

**ആലപ്പുഴ (ഇൻട്രോ)**

അരൂർ- തുറവൂർ ദേശിയപാതയിൽ യാത്രാദുരിതം തുടരുന്നു. മണിക്കൂറുകൾ നീണ്ടു നിൽക്കുന്ന ഗതാഗതകുരുക്കാണ് അനുഭവപ്പെടുന്നത്.

ആലപ്പുഴയിൽ നിന്നും ആകാശവാണി പ്രതിനിധി ആർ രവികുമാർ തയ്യാറാക്കിയ റിപ്പോർട്ട്.

(ഹോൾഡ് - വോയ്സ്........)

&&&&&&&&&&&&&&&&&&&

## ശ്രീപദ്മനാഭസ്വാമി ക്ഷേത്രം- നോട്ടീസ്

ശ്രീപദ്മനാഭസ്വാമി ക്ഷേത്ര ഭരണസമിതി 1.57 കോടി നികുതി കുടിശ്ശിക നൽകണമെന്ന് കേന്ദ്ര ജിഎസ്ടി വകുപ്പ്. കഴിഞ്ഞ ഏഴ് വർഷത്തെ കുടിശ്ശിക ഇനത്തിലാണ് തുക നൽകണമെന്ന് കാണിച്ച് നോട്ടീസ് നൽകിയത്. ജിഎസ്ടിയിൽ വിവിധ ഇളവുകൾ ഉണ്ടെന്നുകാട്ടി ഭരണസമിതി നൽകിയ വിശദീകരണം തള്ളിയാണ് നോട്ടീസ്. അതേസമയം നോട്ടീസിൽ വിശദീകരണം നൽകുമെന്ന് ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർ പ്രതികരിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&&

## തടവും പിഴയും ശിക്ഷ

ഹിന്ദുഐക്യവേദി കണ്ണൂർ ജില്ലാ കൺവീനറും ആർ.എസ്.എസ്. നേതാവുമായ അശ്വനികുമാറിനെ കൊലപ്പെടുത്തിയ കേസിൽ എൻ.ഡി.എഫ്. പ്രവർത്തകൻ എം.വി.മർഷുക്കിന് ജീവപര്യന്തം തടവും അമ്പതിനായിരം രൂപ പിഴയും. മൂന്നാം പ്രതിയായ മർഷുക്ക് കുറ്റക്കാരനാണെന്ന് കഴിഞ്ഞ ദിവസം തലശ്ശേരി അഡിഷണൽ ജില്ലാ സെഷൻസ്

കോടതി കണ്ടെത്തിയിരുന്നു. 14 എൻ.ഡി. എഫ് പ്രവർത്തകർ പ്രതികളായ കേസിൽ 13 പേരെ വെറുതേ വിട്ടിരുന്നു.

&&&&&&&&&&&&&&&&&&&

**ഭക്ഷ്യമേള (ഇൻട്രോ)**

ദേശീയ ആയുർവ്വേദ ദിനാചരണത്തിൻ്റെ ഭാഗമായി കണ്ണൂർ പരിയാരം ഗവ. ആയുർവ്വേദ കോളേജിൽ നടത്തിയ ഭക്ഷ്യമേള ശ്രദ്ധേയമായി.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ.

(വോയിസ്

RNU TVPM

&&&&&&&&&&&&&&&&&&&

**ഉത്തരാഖണ്ഡ്**

ഉത്തരാഖണ്ഡിലെ അൽമോഡ ജില്ലയിൽ ബസ് കൊക്കയിലേക്ക് മറിഞ്ഞുണ്ടായ അപകടത്തിൽ മരിച്ചവരുടെ എണ്ണം 36 ആയി. 19 പേർക്കാണ് അപകടത്തിൽ പരിക്കേറ്റത്. പൗരിയിലെ നൈനിദണ്ഡയിൽ നിന്ന് 55 യാത്രക്കാരുമായി രാംനഗറിലേക്ക് പോവുകയായിരുന്ന ബസ് 200 അടി താഴ്ചയിലേക്ക്

മറിഞ്ഞാണ് അപകടമുണ്ടായത്. അപകടത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി, സംസ്ഥാന ഗവർണർ

ഗുർമിത് സിംഗ്, മുഖ്യമന്ത്രി പുഷ്കർ സിങ് ധാമി തുടങ്ങിയവർ ദുഖം രേഖപ്പെടുത്തി. മരിച്ചവരുടെ ആശ്രിതർക്ക് നാല് ലക്ഷം രൂപയും പരിക്കേറ്റവർക്ക് ഒരു ലക്ഷം രൂപയും സംസ്ഥാന സർക്കാർ നഷ്ടപരിഹാരം പ്രഖ്യാപിച്ചിട്ടുണ്ട്. ഗുരുതരമായി പരിക്കേറ്റവരെ എയർലിഫ്റ്റ് ചെയ്യുതായും സംഭവത്തിൽ അന്വേഷണം പ്രഖ്യാപിച്ചതായും മുഖ്യമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

**മഴ**

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ഒറ്റപ്പെട്ട ഇടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം ജില്ലയിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. 8 ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

RIUTVPM

&&&&&&&&&&&&&&&&&&

## ഐ എസ് എൽ

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ജംഷഡ്പൂർ എഫ്.സി, ചെന്നൈയിൻ എഫ്.സി യെ നേരിടും. ജംഷഡ്പൂരിൽ രാത്രി 7.30 നാണ് മത്സരം.

&&&&&&&&&&&&&&&&&&

**മുനമ്പം - പി.രാജീവ്**

മുനമ്പം വഖഫ് ഭൂമി വിഷയത്തിൽ നിയമപരമായി ചില സങ്കീർണതകളുണ്ടെന്ന് മന്ത്രി പി. രാജീവ്. പ്രശ്ന പരിഹാരത്തിനായി സർക്കാർ ഉടൻ ഉന്നതതല യോഗം വിളിക്കുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. ഭൂമി വാങ്ങി താമസിക്കുന്നവർക്ക് കരം അടയ്ക്കാൻ അനുമതി നൽകിയതിലൂടെ ജനങ്ങൾക്കൊപ്പമെന്ന നിലപാടാണ് സർക്കാർ വ്യക്തമാക്കിയതെന്നും ശ്രീ രാജീവ് പറഞ്ഞു.

&&&&&&&&&&&&&&&&&&

**കേന്ദ്ര സഹമന്ത്രിജോർജ് കുര്യൻ**

മുനമ്പത്തെ ജനങ്ങൾക്ക് ഭരണഘടനാ അവകാശമുണ്ടെന്നും ഈ അവകാശത്തിനോപ്പം ബിജെപി നിൽക്കുമെന്നും കേന്ദ്ര സഹമന്ത്രിജോർജ് കുര്യൻ. മാനന്തവാടി സിറോ മലബാർ രൂപത മെത്രാൻ മാർ ജോസ് പൊരുന്നേടത്തിനെ സന്ദർശിച്ച ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

RNUTVPM

&&&&&&&&&&&&&&&&&&

**മുനമ്പം- പ്രതിപക്ഷം**

മുനമ്പം ഭൂമി പ്രശ്ന പരിഹാരത്തിന് സംസ്ഥാന സർക്കാർ സർവ്വകക്ഷി യോഗം വിളിക്കണമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആവശ്യപ്പെട്ടു. സർക്കാർ ഇക്കാര്യത്തിൽ ഉറച്ച തീരുമാനം എടുക്കണമെന്നും

പ്രതിപക്ഷം പൂർണമായി പിന്തുണയ്ക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

## ഗതാഗത നിയന്ത്രണം-തിരുവനന്തപുരം

തിരുവനന്തപുരം - തെന്മല റോഡിൽ കരകുളം പാലം ജംഗ്ഷൻ മുതൽ കെൽട്രോൺ ജംങ്ഷൻ വരെ ഫ്ളൈ ഓവർ നിർമാണവുമായി ബന്ധപ്പെട്ട് നാളെ മുതൽ ഏർപ്പെടുത്താനിരുന്ന ഗതാഗതനിയന്ത്രണം ഈ മാസം 11ലേക്ക് മാറ്റി. നെടുമങ്ങാട് നിന്ന് തിരുവനന്തപുരം ഭാഗത്തേക്കും, തിരുവനന്തപുരത്ത് നിന്ന് നെടുമങ്ങാട് ഭാഗത്തേക്കും പോകുന്ന വാഹനങ്ങളാണ് നിയന്ത്രിക്കുന്നത്.

RNU TVPM

&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&
&&&&&&&&&&&&&
&&&&&&&&&
&&&&&&&
&&&&&&
&&&&
&&&
&&
&